# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1076 — 06/6/2018-ലെ മറുപടി

## മൂർക്കനാട് കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി.എ.അഹമ്മദ് കബീർ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) മങ്കട നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന മൂർക്കനാട് കുടിവെള്ള പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) മൂർക്കനാട് കുടിവെള്ളപദ്ധതിയുടെ റോ വാട്ടർ വെൽ ട്രീറ്റ്മെന്റ് പ്ലാന്റ്, ക്ലിയർ വാട്ടർ പമ്പ് ഹൗസ്, തുടങ്ങി ഉൽപ്പാദന ഘടകങ്ങളും ചുള്ളിക്കോട്, മൂച്ചിക്കൽ, കൂട്ടിലങ്ങാടി, മൂർക്കനാട് എന്നിവിടങ്ങ ളിലെ ഉപരിതലസംഭരണികളും മൂർക്കനാട്, കുറുവ, പുഴക്കാട്ടിരി പഞ്ചായത്തുകളിലെ വിതരണ ശൃംഖല ഉൾപ്പെടെ 2016 ഫെബ്രുവരി മാസം ഉദ്ഘാടനം ചെയ്യപ്പെട്ടതാണ്. പ്രസ്തുത പഞ്ചായത്തുകളിലും മക്കരപ്പറമ്പ് പഞ്ചായത്തിലും കുടിവെള്ളവിതരണവും വാട്ടർ കണക്ഷനും നൽകിവരുന്നു. കൂട്ടിലങ്ങാടി പഞ്ചായത്തിലെ വിതരണ ശൃംഖല 95% പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ പാറടി, വാഴക്കാട്ടിരി ഭാഗം ചാർജ്ജ് ചെയ്ത് പ്രസ്തുത ഭാഗത്തേക്ക് ഹൗസ് കണക്ഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മങ്കട പഞ്ചായത്തിൽ വിതരണശൃംഖലയുടെ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) നടപ്പ് സാമ്പത്തിക വർഷം മൂർക്കനാട് കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട് പൈപ്പ് ലൈൻ നീട്ടുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;<br>(സി) 2018-19 സാമ്പത്തിക വർഷത്തെ കേരള വാട്ടർ അതോറിറ്റിയുടെ സ്റ്റേറ്റ് പ്ലാൻ ഫണ്ട് ഉപയോഗിച്ച് മങ്കട നിയോജകമണ്ഡലത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ; വിശദമാക്കാമോ? | (ബി) & (സി) ഉണ്ട്. നടപ്പ് സാമ്പത്തികവർഷം മൂർക്കനാട് കുടിവെള്ളപദ്ധതിയുമായി ബന്ധപ്പെട്ട് പുഴക്കാട്ടിരി മുതൽ പനങ്ങാങ്ങരവരെ പൈപ്പ് ലൈൻ നീട്ടുന്നതിനുവേണ്ടിയുള്ള 20 ലക്ഷം രൂപയുടെ പ്രവൃത്തി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ഫണ്ട്, എം.എൽ.എ. ഫണ്ട് എന്നിവ ഉപയോഗിച്ച് സാധ്യമായ സ്ഥലങ്ങളിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തികൾ നടത്തിവരുന്നു. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/